# ജനാധികാരത്തിന്റെ സാധ്യതകൾ

**സ്വാതന്ത്ര്യം നേടി 65 വർഷങ്ങൾ പിന്നിട്ടിട്ടും ജി.ഡി.പിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള വികസനം ദാരിദ്ര്യനിർമ്മാർജ്ജനത്തിൽ യാതൊരു പങ്കും വഹിച്ചിട്ടില്ലാത്തതിനാൽ വികസനത്തെക്കുറിച്ച് പുനർവിചിന്തനം നടത്തണമെന്ന് ഡോ. വി.എസ്. വിജയൻ**

## വികസനത്തെക്കുറിച്ച് വ്യക്തമായ കാഴ്ച്ചപ്പാട് വേണം

**1.** ഏതൊരു ഗവൺമെന്റും ആദ്യം ഊന്നൽ നൽകേണ്ടത് വികസനം എന്ന വാക്കിനെ എങ്ങനെ നിർവ്വചിക്കാനുദ്ദേശിക്കുന്നു എന്നതിനാണ്. രാജ്യത്തിന്റെ പ്രധാനമന്ത്രി പോലും ആഭ്യന്തരവളർച്ചാനിരക്ക് വർദ്ധിപ്പിക്കണമെന്നാണ് പറയുന്നത്. വലിയൊരു ശതമാനം വരുന്ന അധ:സ്ഥിത വിഭാഗത്തിന്റെ വളർച്ചയെ അവഗണിച്ചു കൊണ്ട് പുറത്തുവരാറുള്ള ഈ നിരക്കിൽ, കർശനമായ നിയന്ത്രണങ്ങളോടു കൂടിയ ശരിയായ വികസനത്തിന്റെ തോതാണ് പ്രതിഫലിക്കേണ്ടത്. ഇപ്പോൾ ഉയർന്ന ആഭ്യന്തരവളർച്ചാനിരക്ക് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഗവൺമെന്റിന് കൂടുതൽ വരുമാനവും മരംവെട്ടലും കച്ചവടവും വലിയ തോതിലുള്ള നിർമ്മാണങ്ങളുമാണ്. സ്കൈലൈനിനു വേണ്ടിയോ അതിരപ്പിള്ളിക്കു വേണ്ടിയോ ഹൈവേക്ക് വീതി കൂട്ടാൻ വേണ്ടിയോ ആകട്ടെ, കുന്നിടിക്കുന്നതും പാറ പൊട്ടിക്കുന്നതുമെല്ലാം ജി ഡി പി വർദ്ധിപ്പിക്കും. പാരിസ്ഥിതികാഘാതങ്ങൾ സൃഷ്ടിക്കപ്പെടുന്നത് കണക്കിലെടുക്കാതെ ആണവോർജ്ജത്തിനു വേണ്ടിയും ഇരുമ്പയിരിനു വേണ്ടിയും കീടനാശിനി നിർമ്മാണത്തിനു വേണ്ടിയും തുടങ്ങുന്ന വ്യവസായങ്ങളെല്ലാം ആഭ്യന്തരവളർച്ചാനിരക്കിലേക്ക് സംഭാവന ചെയ്യും. എന്നാൽ ഉയർന്ന വളർച്ചാനിരക്ക് ലക്ഷ്യം വെച്ചുകൊണ്ടുള്ള ഓരോ പ്രവർത്തനവും സമ്പന്നരെ കൂടുതൽ സമ്പന്നരാക്കുകയും പാവപ്പെട്ടവരെ അവരുടെ പഴയ അവസ്ഥയിൽ നിർത്തുകയും ചെയ്യുന്നു. സ്വാതന്ത്ര്യം നേടി 65 വർഷങ്ങൾ പിന്നിട്ടിട്ടും ജി.ഡി.പിയെ ലക്ഷ്യം വെച്ചുകൊണ്ടുള്ള വികസനം ദാരിദ്ര്യനിർമ്മാർജ്ജനത്തിൽ യാതൊരു പങ്കും വഹിച്ചിട്ടില്ല. അതിനാൽ വികസനത്തെ കീറിമുറിച്ചു കൊണ്ടുള്ള ഒരു മനനം അത്യാവശ്യമാണ്.

**2.** വികസനത്തിന്റെ ഏറ്റവും സാധ്യമായ ലക്ഷ്യം, ഓരോ പൗരനും ശുദ്ധമായ വായു, ജലം, മണ്ണ്, ആഹാരം എന്നിവയോടൊപ്പം പാർപ്പിടവും വരുമാനവും പ്രാഥമികവിദ്യാഭ്യാസ-ആരോഗ്യസൗകര്യങ്ങളും നൽകുക എന്നതുമാകണം.

**3.** മേൽപ്പറഞ്ഞ ലക്ഷ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക എന്നതാണ്. 40 ദശലക്ഷം ടൺ അരി ആവശ്യമുള്ള കേരളം ഉല്പാദിപ്പിക്കുന്നത് കഷ്ടിച്ച് ആറ് ദശലക്ഷം ടൺ മാത്രമാണ്. ഇത് പരിഹരിക്കാൻ രണ്ട് പ്രധാന സമീപനങ്ങൾ സ്വീകരിക്കാം 1) തരിശുനിലങ്ങളിലടക്കം, കഴിവതും സ്ഥലങ്ങളിൽ നെൽക്കൃഷി വ്യാപിപ്പിക്കുക. 2) വിഷമില്ലാത്ത മുലപ്പാലുറപ്പു വരുത്തുക എന്ന മുദ്രാവാക്യത്തോടെ ജൈവകൃഷിനയം നടപ്പിൽ വരുത്തുക.

**4.** കാർഷികജൈവവൈവിധ്യം വീണ്ടെടുക്കുന്ന പദ്ധതികൾ ഓരോ പഞ്ചായത്തിലും നടപ്പിൽ വരുത്തുക.

**5.** മറ്റാവശ്യങ്ങൾക്കായി നികത്തപ്പെട്ട എല്ലാ പാടങ്ങളും തിരിച്ച് പിടിക്കുക.

**6.** കൃഷി മാന്യമായ ഒരു ജോലിയാണെന്നുറപ്പു വരുത്താൻ കർഷകർക്ക് വേതനം ഏർപ്പെടുത്തുകയും ഉല്പാദനമനുസരിച്ച് ബോണസ് നൽകുകയും ചെയ്യുക. ജോലി തേടിയുള്ള ചെറുപ്പക്കാരുടെ നാടുവിടലിനും ഇതൊരറുതിയാകും.

**7.** ഓരോ പ്രദേശത്തെയും പ്രകൃതി വിഭവങ്ങളെ സംരക്ഷിച്ച് സുസ്ഥിരവികസനത്തിലൂന്നിയ സ്വയംപര്യാപ്തമായ പഞ്ചായത്തുകൾ സൃഷ്ടിക്കുക.

**8.** ജൈവാവശിഷ്ടങ്ങളിൽ നിന്നുമുല്പാദിപ്പിക്കുന്ന ബയോഗ്യാസും സൗരോർജ്ജവുമൊക്കെ വഴിവിളക്കുകൾ കത്തിക്കാനുപയോഗപ്പെടുത്തുക.

**9.** നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ആശയങ്ങളും പ്രവർത്തന പദ്ധതികളും കൊണ്ടുവരിക. നീർത്തടങ്ങൾക്ക് കോട്ടം തട്ടാത്ത, പഞ്ചായത്തുകളിലെ തദ്ദേശീയർക്കു കൂടി വരുമാനം നൽകുന്ന പദ്ധതികൾ പ്രോത്സാഹിപ്പിക്കുക.

**10.** അത്യാവശ്യത്തിന് മാത്രം സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന, മലിനീകരണമില്ലാത്ത, ഭൂഗർഭജലമുപയോഗിക്കാത്ത വ്യവസായങ്ങൾക്ക് മാത്രം അനുമതി നൽകുക.

**11.** നിലവിലെ വ്യവസായ യൂണിറ്റുകൾക്ക് പരിസ്ഥിതിയെ ദോഷം വരുത്തരുതെന്ന് കർശനനിർദ്ദേശം നൽകുകയും വീഴ്ചവരുത്തുന്നവ അടച്ചുപൂട്ടുകയും ചെയ്യുക.

(സംഗ്രഹിത പരിഭാഷ: സബ്ന)